# രണ്ടാംജന്മം

കുന്നുംപുറത്തെന്റെ കുടില് നില്ക്കുന്നു
കുടിലെന്റെ കുട്ടിയുടുപ്പായിരുന്നു
രാത്രിയിലൂടെന്റെ വഴിവളയുന്നു
രാത്രിയിലേക്കെന്റെ വഴിമടങ്ങുന്നൂ

മുതുവളഞ്ഞച്ഛൻ കമാനമുണ്ടാക്കി
അതിലൂടെ ഞാൻ നൂണുപോന്നു
കഥപറഞ്ഞമ്മ വളർത്തിയ കാടുകൾ
ഒരുമരമായെന്നിൽ നിന്നു
മരവുമമരവുമുരുവിട്ടുപോന്നു
മരണം മണത്തു രണം ചെയ്തു

രമയെ മറന്നുനടന്നു
ക്ഷമയെച്ചവിട്ടിക്കടന്നു.

ഇലയിട്ടുനോക്കി
കമിഴ്ന്നുവീണു
ചിലനേരം പുറവും
മറിഞ്ഞു കണ്ടു

ഉണ്ടെന്നുമില്ലെന്നും
ഇല്ലാതിരിക്കുമോയെന്നും
നിനവിന്റെ ചെപ്പുകിലുങ്ങുന്നു

സ്വർണക്കൂട്ടിലൊഴിഞ്ഞ പാത്രത്തിൽ
സ്വപ്നം മരിച്ചുകിടക്കുന്നു
നാവിൽനിന്നക്ഷരംപോലെ, യൊരീച്ച
പാറിയതിൻ കാതിൽ മൂളുന്നു
നഗരത്തിലമ്പലക്കാളകുത്തി
ഉതിരം ചീറ്റി ഞാൻ വീഴുന്നു
അരമുറിഞ്ഞെന്നാലും
തലമുറിഞ്ഞെന്നാലും
അമ്മയിൽനിന്നും ഞാനെണ്ണതേച്ചു
അച്ഛനിൽചെന്നു കുളിച്ചുകേറി.

കുന്നുംപുറത്തൊരു മൺകലത്തിൽ
എന്നെയുണക്കി ഞാൻ വെയ്ക്കുമ്പോൾ
അരിതിളയ്ക്കാത്തോരടുപ്പത്ത്
അമ്മയിരുന്നു കരയുന്നു
നരകത്തിൽനിന്നുണ്ണി രക്ഷിച്ചീല
നരകത്തിലേയ്ക്കുണ്ണി വീഴൊല്ലേ

അച്ഛനിടിഞ്ഞുവീണെന്നോ!
ആലതുറക്കാത്തോരാവഴിവക്കത്തു
പച്ചിലവാടിയ കൈയോടെനിന്നു
പെങ്ങൾ നരച്ചുപോയെന്നോ!

വീട്ടുകാരന്റെ നുണകൂവും കോഴിയായ്
വീട്ടുകാരിക്കുരസത്തിനുവേണ്ടി

തൊടിയിലെ പൊന്തയിൽ മുറ്റത്തുമോരോ
ഇണയെയമർത്തിനടക്കുമ്പോൾ
ഞാൻ കൊത്തിത്തിന്ന ഞാഞ്ഞൂളെല്ലാം
എന്നെപ്പിടിച്ചുകുലുക്കുന്നു
ഞാൻ കൊത്തിത്തിന്ന കതിരെല്ലാം
അരിവാളായെന്നെയറുക്കുന്നു
കൂകാതെ നിർത്തിയ പാട്ടുകളെല്ലാമെൻ
ചങ്കിൽ കുരുങ്ങിക്കരയുന്നു
കാലിൽ കുതിരകൾ ചുരമാന്തുന്നു
കണ്ണിൽ കിഴക്കൻ കത്തുന്നൂ
ഞാനിതാമാറുന്നൂ
ഞാനിതാ ചാടുന്നു മാനത്ത്
പൂടയും പപ്പും ചിറകും വാലും
ചെത്തിക്കളഞ്ഞുനിവരുന്നേ
കാലടിവെച്ചുയരുന്നേ

സമുദ്രത്തിൽനിന്നെന്റെ വഴിതുടങ്ങുന്നു
സമുദ്രത്തിലേയ്ക്കെന്റെ വഴിമടങ്ങുന്നു
നടുവിൽ ചരിത്രമായ് നില്ക്കുന്നു പർവതം
നടുവിലെപ്പർവതനിരതുരന്നപ്പുറം
അണയുവാൻ, പോകുന്നപോക്കിലടിമണ്ണി-
ലമരുമെൻ ശബ്ദങ്ങൾ വീണ്ടെടുത്തീടുവാൻ
ഞാനൊരമ്പായിത്തുളഞ്ഞുകേറുന്നൂ

ശിലകൾക്കിടയിൽ കുരുങ്ങിക്കിടക്കുന്ന
തെളിനീരുറവകൾപോലെ
ദിവസങ്ങൾ കൊന്നുകൂട്ടുന്ന കുടുംബസ്ഥ-
കവിയുടെയുള്ളിൽ വിതുമ്മുന്ന ഭാഷകൾ
പകരുവാൻ മുനിയായ് പിരിഞ്ഞുപോകുന്നു ഞാൻ.

-പോകുമ്പോളമ്മ പറയുവാനോങ്ങിയ
വാക്കെന്തു വാക്കായിരിക്കാം?

*****

1976